റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഈ വിഷയം കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81-ന്റെ ലംഘനമായതിനാലാണ് ഇത് കൊടുക്കാൻ കഴിയാത്തതെന്ന് അറിഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ അക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കരം സ്വീകരിക്കാൻ കഴിയാത്തതും കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ 81-ാം വകുപ്പുപ്രകാരം മിച്ചഭൂമി ഇളവ് ചെയ്തിട്ടില്ലാത്ത ഭൂമിയുടെ നികുതി സ്വീകരിക്കുവാൻ തടസ്സങ്ങളില്ല. മറ്റ് പ്രശ്നങ്ങൾക്കാണ് തടസ്സമുള്ളത്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

## (14) കരം അടയ്ക്കുന്നതിലെ തടസ്സം

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന പൂഞ്ഞാർ നിയോജകസമണ്ഡലം കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കിൽപ്പെട്ട പ്രദേശമാണ്. മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിൽ മൂന്ന് സെന്റ് മുതൽ 4-5 ഏക്കർ ഭൂമി വരെ കൈവശമുള്ള കർഷകരുടെ ഭൂമി റീസർവ്വേ നടപടികൾക്കുശേഷം സർവ്വേ റെക്കോർഡുകളിൽ പുരയിടം എന്നതിനുപകരം തോട്ടം എന്ന് മാറ്റിയതിലൂടെ കരം അടയ്ക്കുന്നതിന് തടസ്സം നേരിട്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ഉദാഹരണത്തിന് നിസ്സാരമായ ഒരു കാര്യം മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. സിബി തങ്കപ്പനും അദ്ദേഹത്തിന്റെ ഭാര്യയും സമർപ്പിച്ച പരാതിയാണിത്. "എന്റെ പേരിലുള്ള വസ്തു തോട്ടമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പഞ്ചായത്തിൽ നിന്നും വീട് നിർമ്മിക്കുന്നതിനും മറ്റുമുള്ള ആനുകൂല്യങ്ങൾ കിട്ടാതെ വന്നിട്ടുള്ളതും പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിൽപ്പെടുത്തി അംഗീകാരം കിട്ടിയിട്ടുണ്ടെങ്കിലും തോട്ടമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ആയതിന് തടസ്സം വരാൻ ഇടയുള്ളതുമാണ്. ഇതുമൂലം സ്വന്തമായി ഒരു പുര പണിത് താമസിക്കുന്നതിന് സാധിക്കാതെ വന്നിട്ടുള്ളതാണ്. എനിക്കോ എന്റെ ഭാര്യയ്ക്കോ കുട്ടികൾക്കോ ടി വസ്തുവല്ലാതെ സ്വന്തമായി വേറെ യാതൊരു സ്ഥലവും ഇല്ലാത്തതുമാണ്. ആകയാൽ സമക്ഷത്തിൽ ദയവുണ്ടായി എന്റെ വക മൂന്നര സെന്റ് വസ്തു തോട്ടം എന്ന് റവന്യൂ റെക്കോർഡിൽ രേഖപ്പെടുത്തിയിരിക്കുന്നത് പുരയിടം എന്ന് മാറ്റി നൽകുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു." അങ്ങ് നിർബന്ധമായി ഈ റീസർവ്വേ റെക്കോർഡ് തിരുത്തി ഈ പാവങ്ങൾക്ക് ഒരു വീട് വയ്ക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, റീസർവ്വേ റെക്കോർഡുകളിൽ വന്നിട്ടുള്ള തിരുത്തലാണെങ്കിൽ അത് പരിശോധിച്ച് തിരുത്തുന്നതിനുവേണ്ടി ഭൂരേഖാ തഹസീൽദാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സെക്ഷൻ 81 അനുസരിച്ച് തോട്ടത്തിന്റെ പരിധിയിൽ വരുന്ന വിഷയമാണെങ്കിൽ മാത്രമാണ് അതിന് സാധ്യമാകാതെ പോകുന്നത്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

*അനുബന്ധമായി ചേർക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ വിശദമായ മറുപടി

കേരള ഭൂപരിഷ്കരണ നിയമത്തിന്റെ 81(1)(ഇ) വകുപ്പ് പ്രകാരം 1-1-1964-ലെ നില അനുസരിച്ച് ഭൂപരിധിയിൽ നിന്നും ഒഴിവാക്കിയ തോട്ടഭൂമി തോട്ടമായി നിലനിർത്തേണ്ടത് നിയമപരമായ ബാധ്യതയാണ്. ഒഴിവ് കിട്ടിയ തോട്ടഭൂമികൾ കൈമാറാമെങ്കിലും തരം മാറ്റാൻ സാധ്യമല്ല. ഇളവ് ലഭിച്ച ഭൂമി തരം മാറ്റിയാൽ അതിനെതിരെ താലൂക്ക് ലാന്റ് ബോർഡ് വീണ്ടും കേസ് എടുക്കണമെന്ന് 87(1) വകുപ്പ് വിശദീകരണം 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലമ്പൂർ താലൂക്കിൽ കേരളാ എസ്റ്റേറ്റ് വില്ലേജിൽ ഉൾപ്പെട്ട സ്ഥലം ഇത്തരത്തിൽ തോട്ടഭൂമിയായി ഇളവ് ലഭിച്ച ഭൂമിയാണ്. ഇളവ് ലഭിച്ചതിനുശേഷം ടി ഭൂമികൾ തരംമാറ്റി തുണ്ടുകളാക്കി പലർക്കും കൈമാറ്റം ചെയ്യുകയും അവർ അവിടെ വീടുവച്ച് താമസിക്കുകയും ചെയ്യുന്നു.

ഈ വിഷയം കേരള ഭൂപരിഷ്കരണ നിയമം, സെക്ഷൻ 81-ന്റെ ലംഘനമായതിനാലാണ് പുതുതായി രജിസ്ട്രേഷൻ ചെയ്യുന്ന ഭൂമികളുടെ പോക്കുവരവ് നടത്താതിരുന്നതും കരം സ്വീകരിക്കുവാൻ കഴിയാത്തതും. കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ 81-ാം വകുപ്പുപ്രകാരം മിച്ചഭൂമി ഇളവ് നൽകിയിട്ടില്ലാത്ത ഭൂമികളുടെ നികുതി സ്വീകരിക്കുന്നതിന് തടസ്സങ്ങളില്ല.

ശ്രീ. പി. സി. ജോർജ്, എം.എൽ.എ.യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ വിശദമായ മറുപടി

മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിൽ മൂന്ന് സെന്റ് മുതൽ നാലും അഞ്ചും ഏക്കർ വരെയുള്ള ഭൂമിയിൽ റീസർവ്വെ നടപടികൾക്കുശേഷം സർവ്വെ റെക്കോർഡുകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ കരം അടവ് തടസ്സപ്പെടുത്തിയിട്ടില്ലാത്തതാണ്.

ടി വിഷയത്തിൽ സെറ്റിൽമെന്റ് രജിസ്റ്ററിനെ അടിസ്ഥാനമാക്കി റീസർവ്വെ റെക്കോർഡുകളിൽ തോട്ടം എന്ന് പിശകായി ചേർത്തിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് പരിഹരിച്ച് നൽകുന്നതിന് തഹസിൽദാർ (ഭൂരേഖ)ക്ക് പൂർണ്ണ അധികാരമുള്ളതാണ്. റവന്യൂ റെക്കോർഡുകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയതുകൊണ്ടോ റീസർവ്വെ റെക്കോർഡുകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയതുകൊണ്ടോ അത്തരം ഭൂമികളെല്ലാം 81-ാം വകുപ്പ് പ്രകാരം ഇളവ് നേടിയതായിരിക്കണമെന്നില്ല. എന്നു തന്നെയായാലും ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ റീസർവ്വെ പിശകാണെങ്കിൽ ആയത് ഉടൻ പരിഹരിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ജില്ലയിലെ (ഭൂരേഖ) തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിൻ പ്രകാരം നടപടികൾ നടന്നുവരുന്നതുമാണ്.